## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7145 — 16.07.2012ൽ മറുപടിയ്ക്ക്

### നിലവാരമില്ലാത്ത പ്രൊഫഷണൽ വിദ്യാഭ്യാസം

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ചമൂലം എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ പരീക്ഷയിൽ പരാജയപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ മികച്ച വിജയ മാണുള്ളത്. ഇവിടെ വിദ്യാർത്ഥികൾ പരീക്ഷകളിൽ കൂട്ടമായി പരാജയപ്പെടുന്ന സാഹചര്യം നിലവിലില്ല. ചില സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ വിജയ ശതമാനം കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ നിലവാരമില്ലാത്ത എഞ്ചിനീയറിംഗ് കോളേജു കളുടെ പ്രവർത്തനം നിർത്തി വയ്ക്കുന്നതിന് ഹൈക്കോടതി നിർദ്ദേശാനുസരണം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) വിജയ ശതമാനം 40-ൽ കുറവുള്ള സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കേണ്ടതുണ്ട് എന്ന കോടതി വിധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത കോളേജുകൾക്ക് നിലവാരം വർദ്ധിപ്പിക്കുന്നതിനായി നിശ്ചിത സമയ പരിധി അനുവദിക്കാനും അതിനുള്ളിൽ നിലവാരം കൈവരിക്കാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ